"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മാടച്ചിറ പഞ്ചായത്ത് കുളത്തിൽ വീണ് ഫർസീൻ അനീസ് (13), അഹ്യാൻ അനീസ് (7) എന്നീ കുട്ടികൾ മരിച്ചതിനാൽ അവരുടെ പിതാവായ ശ്രീ. അനീസ് മുഹമ്മദിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(കൈ) നം.19/2025/RD തീയതി, തിരുവനന്തപുരം, 24-01-2025

---

പരാമർശം:- കൊല്ലം താലൂക്കിൽ, തഴുത്തല വില്ലേജിൽ, അൽഹംദുലില്ല മേൽവിലാസത്തിൽ ശ്രീ. അനീസ് മുഹമ്മദ് CMDRF Portal മുഖേന സമർപ്പിച്ച അപേക്ഷ(D240800026).

**ഉത്തരവ്**

കൊല്ലം ജില്ലയിൽ, തഴുത്തല വില്ലേജിൽ അൽഹംദുലില്ല മേൽവിലാസത്തിൽ ശ്രീ. അനീസ് മുഹമ്മദ്, ഹയറുന്നീസ ദമ്പതികളുടെ 2 മക്കൾ [ഫർസീൻ അനീസ് (13), അഹ്യാൻ അനീസ് (7)] കല്ലുകുഴി ഭാഗത്തുള്ള മാടച്ചിറ പഞ്ചായത്ത് കുളത്തിൽ വീണ് മരണപ്പെട്ട് പോയിട്ടുള്ളതാണ്. അപകടമരണത്തിനുള്ള ധനസഹായത്തിനായി ശ്രീ. അനീസ് മുഹമ്മദ് CMDRF Portal മുഖേന അപേക്ഷ (D240800026) സമർപ്പിച്ചിരുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രസ്തുത കുടുംബത്തിന് 2 മക്കളുടേയും ചികിത്സക്കായി ഒരു ലക്ഷത്തിലധികം രൂപ ചിലവായിട്ടുണ്ടെന്നും മാനസികവും ശാരീരികവുമായി തളർന്ന അവസ്ഥയും കണക്കിലെടുത്ത് അപേക്ഷകന് പരമാവധി ധനസഹായം അനുവദിക്കാവുന്നതാണെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31.05.2024-ന് പഞ്ചായത്ത് കുളത്തിൽ വീണതിനെ തുടർന്ന് ചികിത്സയിലിരിക്കേ 31.05.2024-ന് ഫർസീൻ അനീസ് (13) എന്ന മൂത്ത മകനും, 01.06.2024-ന് അഹ്യാൻ അനീസ് ( 7 ) എന്ന ഇളയ മകനും മരണപ്പെട്ടു പോയിട്ടുള്ളതിനാൽ പിതാവായ ശ്രീ. അനീസ് മുഹമ്മദിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിനാവശ്യമായി വരുന്ന തുകയായ 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും DBT മുഖേന കൊല്ലം, തഴുത്തല വില്ലേജിൽ, അൽഹംദുലില്ല മേൽവിലാസത്തിൽ ശ്രീ. അനീസ് മുഹമ്മദിന് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 25-01-2025 09:56:55
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പൊതുഭരണ (എസ്.സി) വകുപ്പ്. (22.01.2025-ലെ മന്ത്രിസഭാ യോഗ

തീരുമാനം ഇനം. നം. 2634 പ്രകാരം)

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. ഡി.ആർ.എഫ്.-സി2/01/2025/റവ. ഇനം നം: 2634

വിഷയം : റവന്യൂ വകുപ്പ് - മാടച്ചിറ പഞ്ചായത്ത് കുളത്തിൽ വീണ് ഫർസീൻ അനീസ് (13), അഹ്യാൻ അനീസ് (7) എന്നീ കുട്ടികൾ മരിച്ചതിനാൽ അവരുടെ പിതാവായ ശ്രീ. അനീസ് മുഹമ്മദിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

SS(DRF)

23/01

DS
PR

2634

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി.ആർ.എഫ്.-സി2/01/2025/റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡി.ആർ.എഫ്.-സി )വകുപ്പ്. |
| 3 | വിഷയം | : | മാടച്ചിറ പഞ്ചായത്ത് കുളത്തിൽ വീണ് ഫർസീൻ അനീസ് (13), അഹ്യാൻ അനീസ് (7) എന്നീ കുട്ടികൾ മരിച്ചതിനാൽ അവരുടെ പിതാവായ ശ്രീ. അനീസ് മുഹമ്മദിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിയ്ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25.11.2024 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (II)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജയശ്രീ. ടി.കെ. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.01.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.01.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.01.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊല്ലം ജില്ലയിൽ, തഴുത്തല വില്ലേജിൽ അൽഹംദുലില്ല മേൽവിലാസത്തിൽ ശ്രീ. അനീസ് മുഹമ്മദ്, ഹയറുന്നീസ ദമ്പതികളുടെ 2 മക്കൾ [ഫർസീൻ അനീസ് (13), അഹ്യാൻ അനീസ് (7)] കല്ലുകുഴി ഭാഗത്തുള്ള മാടച്ചിറ പഞ്ചായത്ത് കുളത്തിൽ വീണ് മരണപ്പെട്ട് പോയിട്ടുള്ളതിനാൽ ശ്രീ. അനീസ് മുഹമ്മദിന് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ കുറിപ്പ്.

(2) 31.05.2024-ന് പഞ്ചായത്ത് കുളത്തിൽ വീണതിനെ തുടർന്ന് ചികിത്സയിലിരിക്കേ 31.05.2024-ന് ഫർസീൻ അനീസ് (13) എന്ന മൂത്ത മകനും, 01.06.2024-ന് അഹ്യാൻ അനീസ് (7) എന്ന ഇളയ മകനും N.S. Memorial Institute of Medical Sciences എന്ന ഹോസ്പിറ്റലിൽ വെച്ച് മരണപ്പെട്ട് പോയിട്ടുള്ളതാണ്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രസ്തുത കുടുംബത്തിന് 2 മക്കളുടേയും ചികിത്സക്കായി ഒരു ലക്ഷത്തിലധികം രൂപ ചിലവായിട്ടുണ്ടെന്നും മാനസികവും ശാരീരികവുമായി തളർന്ന അവസ്ഥയും കണക്കിലെടുത്ത് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിന് ശ്രീ. അനീസ് മുഹമ്മദ് CMDRF Portal മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. മരണം നടന്ന് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മരണ സർട്ടിഫിക്കറ്റുകൾ, FIR, Postmortem Reports, മരണപ്പെട്ട വ്യക്തികളും അപേക്ഷ സമർപ്പിച്ച വ്യക്തിയും തമ്മിലുള്ള ബന്ധമറിയിക്കുന്ന തിരിച്ചറിയൽ രേഖ എന്നിവയും ജില്ലാ കളക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്.

(3) ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം

രൂപ ശ്രീ. അനീസ് മുഹമ്മദിന് അനുവദിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിക്ക് CMDRF Portal മുഖാന്തിരം (D240800026) ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട കാര്യം

കൊല്ലം ജില്ലയിൽ, തഴത്തല വില്ലേജിൽ അൽഹംദുലില്ല മേൽവിലാസത്തിലെ അനീസ് മുഹമ്മദിന്റെ 2 മക്കളും (ഫർസീൻ അനീസ് (13), അഹ്യാൻ അനീസ് (7)) മാടച്ചിറ പഞ്ചായത്ത് കുളത്തിൽ വീണ് മരണപ്പെട്ട് പോയിട്ടുള്ളതിനാൽ ഈ കുടുംബത്തിന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് ശ്രീ. അനീസ് മുഹമ്മദിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ ധനസഹായം അനുവദിക്കാമോ?